# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1347** 12.03.2015- ൽ മറുപടിക്ക്

## പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഭൂമി ഏറ്റെടുക്കുന്നതിനായി 20.10.2008-ലെ സ.ഉ (സാധാ) നം. 1734/2008/പൊ.മ.വ പ്രകാരം 3.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ചിട്ടുള്ള കല്ലിടൽ (പെഗ്മാർക്കിംഗ്) പ്രവർത്തനം പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടി നടന്നു വരുന്നു. |
| (ബി) സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | സാമൂഹിക സാമ്പത്തിക ആഘാത പഠനത്തിന്റെയും പൊതുജന സഹകരണ ത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 20.12.2014-ൽ ലഭ്യമായിട്ടുണ്ട്. |
| (സി) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണനടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;<br>(ഇ) ബൈപ്പാസ് റോഡ് നിർമ്മാണ നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) യും (ഡി) യും (ഇ) യും | സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി റിപ്പോർട്ട് പ്രകാരം 4.89 ഹെക്ടർ സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി 6.27 കോടി രൂപ ആവശ്യമായി വരും. എന്നാൽ 2013-ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ ഏകദേശം 15 കോടി രൂപ ആവശ്യമായി വരും. മേഞ്ഞാണ്യം, കിഴിഞ്ഞാണ്യം എന്നി ദേശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ കലക്ടറോട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ഏറ്റെടുക്കേണ്ട ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമാണ്. ആയതിനാൽ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപ പത്രവും ആവശ്യമായിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ